(ബി) ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വെക്കാമോ?

(സി) ഈ പ്ലാൻപ്രകാരം ഈ കൊല്ലം ചെയ്യേണ്ട പണികൾ,തീർത്തിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: (എ) ഇല്ല. ഒരു construction programme മാത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) Construction programme ന്റെ പ്രതി അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix IX.)

(സി) പ്രോഗ്രാമിൽ ഓരോ കൊല്ലവും തീർക്കേണ്ട ജോലിയല്ല കാണിച്ചിരിക്കുന്നത് ഓരോ ജോലിക്കും വേണ്ടിവരുന്ന കൊല്ലങ്ങളാണ്. അതുകൊണ്ട് ഉത്തരം ആവശ്യമില്ല.

Mr. N. R. KUNJAN—SUSPENSION OF

439. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടിപറയുമോ.—

(എ) മുളന്തുരുത്തി സബ്ഡിപ്പോ കീപ്പറായിരുന്ന എൻ. ആർ. കുഞ്ഞനെ എത്ര കാലത്തേക്കാണ ഗവണ്മെണ്ട സസ്പെൻഡ ചെയ്തിരുന്നത്;

(ബി) അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടിരുന്ന കുറ്റങ്ങൾ എന്തെല്ലാം;

(സി) ഈ കുറ്റങ്ങളെ സംബന്ധിച്ച നടത്തിയ അന്വേഷണങ്ങളുടെ ഫലമെന്ത്;

(ഡി) മിസ്റ്റർ കുഞ്ഞന്റെ സസ്പെൻഷനെ സംബന്ധിച്ചുള്ള എല്ലാ രേഖകളും ഗവണ്മെണ്ട കൌൺസിൽ മേശപ്പുറത്തു വെക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: (എ) ൧൯൨൯ മേടം ൨൰ാം൯ മുതൽ ൧൯൨൯ മിഥുനം ൧൦-ാം൯ വരെ.

(ബി) മിസ്റ്റർ കുഞ്ഞന്റെ മേൽ ആരോപിച്ചിരുന്ന കുറ്റങ്ങൾ താഴെ പറയുന്നവയാണ്.

൧. മറ്റ ഡിപ്പോകളിൽനിന്നു വള്ളത്തിൽ കയറ്റികൊണ്ടുവരുന്ന അരിയും പഞ്ചസാരയും അളന്തി കടത്തി തിരുവിതാംകൂറിൽ കച്ചവടം നടത്തുവാൻ പ്രേരിപ്പിച്ചു.

൨. അയാൾ ഡിപ്പോവിൽനിന്ന് അരിയും പഞ്ചസാരയും കരിഞ്ചന്തവ്യാപാരം നടത്തി.

൩. ഡിപ്പോവിൽ ജോലി എടുത്തിരുന്ന കൂലിക്കാർക്ക കൂലിമുഴുവനും കൊടുത്തിരുന്നില്ല.

൪. കൂലിക്കാർക്ക കൂലി പണമായി കൊടുക്കുന്നതിനു പകരം അരി അനധികൃതമായി കൊടുത്തു.

(സി) ആദ്യത്തെ രണ്ടു കുറ്റങ്ങളെ സംബന്ധിച്ചിടത്തോളം മിസ്റ്റർ കുഞ്ഞൻ കുറ്റക്കാരനാണെന്നു സംശയിക്കത്തക്ക കാരണങ്ങളുള്ളതായി തെളിഞ്ഞു. രണ്ടാമത്തെയും മൂന്നാമത്തെയും കുറ്റങ്ങൾക്ക വിശ്വാസയോഗ്യമായ തെളിവ് ഉണ്ടായിരുന്നില്ല. അന്വേഷണഫലമായി ടിയാനെ തന്റെ സ്ഥിരജോലിയിലേക്ക തിരിച്ചെടുത്തു.

(ഡി) രേഖകൾ "കോൺഫിഡൻഷ്യൽ" ആയതുകൊണ്ടു മേശപ്പുറത്തു വെക്കുവാൻ നിവൃത്തിയില്ല.

TECHNOLOGICAL INSTITUTE—CANDIDATES—SELECTION OF

440. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടിപറയുമോ.—

(എ) ടെക്സ്റ്റൈൽ ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഈ കൊല്ലം എത്തെല്ലാം സങ്കേതിക വിദ്യാഭ്യാസത്തിനാണ വിദ്യാർത്ഥികളെ എടുത്തിട്ടുള്ളത്;

(ബി) ഓരോ പഠനത്തിനും ഈ കൊല്ലം അഡ്മിറ്റ ചെയ്തിട്ടുള്ള വിദ്യാർത്ഥികളിൽ ഈഴവർ, ക്രസ്ത്യർ, മുസ്ലീമിങ്ങൾ, സവർണ്ണഹിന്ദുക്കൾ, പുലയർ, അവശരും അധഃകൃതരുമായ മറ്റ ഹിന്ദുക്കൾ ഈ സമുദായങ്ങളിൽ എത്ര വീതമുണ്ട്; ഓരോ ക്ലാസ്സിലും ആകെ എത്ര കുട്ടികളെ എടുത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) (എ) മോട്ടോർ ഡ്രൈവിങ്ങും മെക്കാനിസവും.
(ബി) ക്രാഫ്ട്മെൻ കോഴ്സ്.
(സി) എഞ്ചിനീയറിങ്ങ് ഡിപ്ലോമാ കോഴ്സ്.

(ബി) വിവരം അനുബന്ധമായി ചേത്തിട്ടുണ്ട്. *(Appendix X).*

JAGGERY PURCHASE OFFICER—MR. ISAAC

441. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫസ്റ്റ് സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽ നിയമിതനായിരുന്ന മിസ്റ്റർ ഐസക്ക്, ബി.എ., ബി.എൽ. നെ ഉദ്യോഗത്തിൽനിന്നു ഒഴിവാക്കിയതോ ഒഴിഞ്ഞുപോയതോ ;

(ബി) ഗവൺമെണ്ടിൽനിന്നും ഒഴിവാക്കിയതാണെങ്കിൽ കാരണമെന്തു ;

(സി) ഒഴിഞ്ഞുപോയതാണെങ്കിൽ ശിക്ഷിക്കപ്പെട്ടുമെന്ന ഭയംകൊണ്ടാണോ ;

(ഡി) കൊട്ടമുടിയിൽ ശക്കര വാങ്ങാൻ അയക്കപ്പെട്ട അദ്ദേഹം ആ കാര്യത്തിൽ പല കൃത്രിമങ്ങളും ചെയ്തിട്ടുണ്ടെന്നും മറ്റും സീരിയസ് ചാർജ്ജ് അദ്ദേഹത്തിന്റെ പേരിൽ ചുമത്തി സർവ്വീസിൽനിന്നു സസ്പെൻഡുചെയ്തിരുന്നുവോ ;

(ഇ) അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന സീരിയസ് ചാർജസ് എന്തെല്ലാമായിരുന്നു ;

(എഫ്) അതിനെപ്പറ്റി അന്വേഷണം നടത്തിയതു് ആരാണു് ;

(ജി) അന്വേഷിച്ച ഉദ്യോഗസ്ഥൻ ഗവൺമെണ്ടിലേക്കു സമർപ്പിച്ച റിപ്പോർട്ടിന്റെ സ്വഭാവം പറയാമോ ;

(എച്ച്) അദ്ദേഹത്തെ സസ്പെൻറിൽ നിർത്തിയ അവസരത്തിൽ അദ്ദേഹം ഒരു അപേക്ഷ ബോധിപ്പിച്ചിരുന്നുവോ ;

(ഐ) ബോധിപ്പിച്ചിരുന്നുവെങ്കിൽ അപേക്ഷ എന്തായിരുന്നു.

(ജെ) അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന കുറ്റാരോപണങ്ങളും എല്ലാം ശരിയാണെന്നാണോ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) ഉദ്യോഗത്തിൽനിന്നും ഒഴിവാകുവാൻ അനുവദിക്കുകയാണുണ്ടായതു്.

(ബി) മിസ്റ്റർ ഐസക്കു് സർവ്വീസിൽ ഇരിക്കുന്നതു ശരിയല്ലെന്നു ബോദ്ധ്യമായതുകൊണ്ടു് ഒഴിവാകുവാൻ അനുവദിച്ചു.

(സി) ഗവൺമെണ്ടിനറിവില്ല.

(ഡി) ഉവ്വു്.

(ഇ) താഴെ പറയുന്നവ.

(എ) നല്ല ശക്കര വാങ്ങി അയക്കുവാൻ വീഴ്ചയുമില്ലാത്ത അവസരത്തിൽ താഴ്ന്ന തരം ശക്കര വാങ്ങി അയക്കുക. (ബി) ശക്കരക്കച്ചവടക്കാരിൽനിന്നു പണം വാങ്ങിക്കുക. (സി) മിസ്റ്റർ ഐസക്കു് തിരഞ്ഞെടുത്ത ചില കച്ചവടക്കാരിൽനിന്നല്ലാതെ മറ്റു കച്ചവടക്കാരിൽനിന്നു വരുന്ന അപേക്ഷകളെ ഗൌനിക്കാതിരിക്കുക.

(എഫ്) ഫസ്റ്റ് സപ്ലൈ ഡയറക്ടർ പ്രാരംഭാന്വേഷണങ്ങളും നടത്തി.

(ജി) അന്വേഷണത്തിൽ മിസ്റ്റർ ഐസക്കിന്റെ പേരിലുള്ള ആക്ഷേപങ്ങൾ ഗൌരവമുള്ളതാണെന്നും ടിയാനെ ഉദ്യോഗത്തിൽ ആ നിലയിൽ തുടർന്നുകൊണ്ടുപോകുവാൻ അനുവദിക്കുന്നതു് ആശാസ്യമല്ലെന്നുമാണു് റിപ്പോർട്ടിന്റെ സ്വഭാവം.

(എച്ച്) ഉവ്വു്.

(ഐ) തന്റെ പേരിലുള്ള കുറ്റങ്ങളെപ്പറ്റി പുതിയായ അന്വേഷണംമൂലം ഉണ്ടാകാവുന്ന കഷ്ടപ്പാടുകളിൽനിന്നും സങ്കടങ്ങളിൽനിന്നും തന്നെ ഒഴിവാക്കി സർവ്വീസിൽനിന്നും പിരിഞ്ഞുകൊള്ളുവാൻ അനുവദിക്കണമെന്നാണു് അപേക്ഷിച്ചതു്.

(ജെ) പ്രധാന ആക്ഷേപങ്ങൾ സംബന്ധിച്ചിടത്തോളം പ്രഥമദൃഷ്ട്യാ ശരിയാണു് എന്നാണു റിപ്പോർട്ടു്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IX

(Please see answer to Question No. 438)

Peringalkuthu Hydro-Electric Scheme—Construction Programme

Item	Commencement date	Completion date	Remarks
Temporary and permanent quarters and buildings	August 1947	June 1948	Includes all Staff quarters, Roads, Workshops, etc.
Dam	October 1947	March 1951	Excludes crest gates
Tunnel and Outlet Pipe	November or December 1947	March 1951	Includes Driving and Lining of Tunnel, and all appurtenances
Penstock Line and Penstocks	January 1948	March 1951	Includes cutting of Formation, Laying of Haulage Track, Laying and jointing of Pipes and valves, etc.
Power House and Step Up Sub-station	November 1948	March 1951	Includes installation of machinery and auxilieries
Transmission Line to Chalakkudi and sub-station at Chalakkudi	January 1949	March 1951	

It should be clearly understood that the above programme is based on normal uninterrupted progress of works. Should unforeseen delays occur, it may be found necessary to revise this programme. The dates set out above are possible ones, but in the existing chaotic state of manufacture and delivery of machinery, etc., and the disturbed labour conditions obtaining, no guaranteed dates are possible.

APPENDIX X

(Please see answer to Question No. 440)

I. അഡ്മിറ്റ് ചെയ്ത വിദ്യാർത്ഥികൾ

	മോട്ടോർ ഡ്രൈവിങ്ങും മെക്കാനിസവും	ക്രാഫ്റ്റ്മെൻ കോഴ്സ്	ഡിപ്ലോമാ കോഴ്സ്
ഈഴവർ	൪	൫	൪ ൦
ക്രസ്ത്യർ	൨	൯	൨ ൨
മുസ്ലീമിങ്ങൾ	൦	൦	൨
സവർണ്ണഹിന്ദുക്കൾ	൫	൪ ൯	൫൬
പുലയർ	൦	൦	൦
അവശരും അധഃകൃതരുമായ മറ്റു ഹിന്ദുക്കൾ	൦	൪	൪൬

II. ഓരോക്ലാസ്സിലും എടുത്ത കുട്ടികൾ

(i) മോട്ടോർ ഡ്രൈവിങ്ങും മെക്കാനിസവും ൪൯
(ii) ക്രാഫ്ട്മെൻ കോഴ്സ് ൯൫
(iii) ഡിപ്ലോമാ കോഴ്സ് ൪ ൦ ൦

LIBRARY ARCHIVES Kerala Legislative Assembly